# ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്

ഒരു ഇന്ത്യാ ഗവൺമെന്റ് സ്ഥാപനം

## കോർപ്പറേഷൻ ഉടമസ്ഥതയിലുള്ളതും കോർപ്പറേഷൻ നടത്തിവരുന്നതുമായ (COCO) റീട്ടെയ്ൽ ഔട്ട്‌ലെറ്റുകളിലേക്ക് സർവ്വീസ് ദാതാക്കളെ ഏർപ്പെടുത്താനുള്ള നോട്ടീസ്

ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് കേരളത്തിലേയും മാഹിയിലേയും താഴെപ്പറയുന്ന ലൊക്കേഷനുകളിൽ കോർപ്പറേഷൻ ഉടമസ്ഥതയിലുള്ളതും കോർപ്പറേഷൻ തന്നെ നടത്തിവരുന്നതുമായ റീട്ടെയ്ൽ ഔട്ട്‌ലെറ്റുകളിലേക്ക് മാനവശേഷി സപ്ലൈ ചെയ്യുവാൻ പ്രാപ്തരായ സർവ്വീസ് ദാതാക്കളിൽനിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നമ്പർ | സ്ഥലം | ജില്ല | തൊഴിൽ കരാർ കാലയളവ് (വർഷം) | മാസത്തിൽ സ്ഥലത്തെ ഉദ്ദേശ വില്പനസാധ്യത (കിലോ ലിറ്ററിൽ) | കോലാറ്ററൽ സെക്യൂരിറ്റി ആയി നല്കേണ്ട ബാങ്ക് ഗാരന്റി തുക (ലക്ഷം രൂപ) |
|---|---|---|---|---|---|
| 1 | വളഞ്ഞമ്പലം | എറണാകുളം | 3 | 80 | 7 |
| 2 | ഇരുമ്പനം | എറണാകുളം | 3 | 250 | 20 |
| 3 | തൊടുപുഴ എസ്സ്. എച്ച്. 8 ൽ | ഇടുക്കി | 3 | 120 | 10 |
| 4 | തൊടുപുഴ മാർക്കറ്റ് റോഡ് | ഇടുക്കി | 3 | 80 | 7 |
| 5 | തിരുവല്ല | പത്തനംതിട്ട | 3 | 80 | 7 |
| 6 | കവടിയാർ | തിരുവനന്തപുരം | 3 | 260 | 24 |
| 7 | പന്തക്കൽ | മാഹി (യു.ടി.ഓഫ് പോണ്ടി) | 3 | 230 | 17 |
| 8 | കോഴിക്കോട് 1 | കോഴിക്കോട് | 3 | 100 | 9 |
| 9 | കോഴിക്കോട് 2 | കോഴിക്കോട് | 3 | 120 | 10.5 |
| 10 | എങ്ങണ്ടിയൂർ | തൃശ്ശൂർ | 3 | 200 | 16 |
| 11 | തൃശ്ശൂർ | തൃശ്ശൂർ | 3 | 160 | 13 |
| 12 | കണ്ണൂർ | കണ്ണൂർ | 3 | 170 | 14 |

ഏത് ഇന്ത്യൻ പൗരനും, പാർട്ണർഷിപ്പ് സ്ഥാപനങ്ങൾക്കും, രജിസ്റ്റർ ചെയ്ത കോ-ഓപ്പറേറ്റിവ് സൊസൈറ്റികൾക്കും, ഗവൺമെന്റ് സ്ഥാപനം / ബോഡികൾ, പൊതുമേഖലാസ്ഥാപനങ്ങൾ, ലിമിറ്റഡ് കമ്പനികൾ എന്നിവയ്ക്ക് അപേക്ഷ സമർപ്പിക്കാം. സർവ്വീസ് ദാതാവ് "1970-ലെ കോൺട്രാക്ട് ലേബർ (റഗുലേഷൻ & അബോളിഷൻ) ആക്ടിന് " വിധേയമായിരിക്കും. എന്നാൽ, ഏതെങ്കിലും ഓയിൽ കമ്പനിയുടെ ഡീലർ / ഡിസ്ട്രിബ്യൂട്ടർ / എൽ.ഒ.ഐ ഹോൾഡർ എന്നിവർക്കും അവരുടെ "ഫാമിലി യൂണിറ്റ് "-ൽ പെട്ടവർക്കും അപേക്ഷിക്കാൻ യോഗ്യതയില്ല. താല്പര്യമുള്ളവർ വിശദമായ മാർഗ്ഗരേഖകളുടെയും അപേക്ഷാ ഫോറത്തിന്റെയും പകർപ്പുകൾ താഴെപ്പറയുന്ന വിലാസത്തിൽ നിന്ന് വാങ്ങേണ്ടതാണ്. ഇതിനായി, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ പേരിൽ താഴെപ്പറയുന്ന വിലാസത്തിൽ പറഞ്ഞിരിക്കുന്ന സ്ഥലത്ത് മാറാവുന്ന 50/- രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് നല്കേണ്ടതാണ്. വിശദമായ മാർഗ്ഗരേഖകളും അപേക്ഷാ ഫോറവും ഞങ്ങളുടെ വെബ്സൈറ്റായ **(www.hindustanpetroleum.com)** -ൽ നിന്നും ലഭ്യമാണ്. അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷയോടൊപ്പം ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ പേരിൽ താഴെപ്പറയുന്ന വിലാസത്തിലെ സ്ഥലത്ത് മാറാവുന്ന 1000/- (ആയിരം) രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് സമർപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷകൾ താഴെപ്പറയുന്ന ഓഫീസ് വിലാസത്തിൽ **22-02-2011-ന് നാല് മണിക്ക്** മുൻപായി എത്തിക്കേണ്ടതാണ്. പ്രസ്തുത ദിവസം കഴിഞ്ഞെത്തുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. വിവിധ യോഗ്യതാ മാനദണ്ഡങ്ങളെയും ഇന്റർവ്യൂവിനെയും അടിസ്ഥാനമാക്കിയായിരിക്കും അപേക്ഷകരെ തെരഞ്ഞെടുക്കുക. തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർ മേൽപ്പറഞ്ഞിട്ടുള്ള അതാത് ലൊക്കേഷനുകൾക്ക് നേർക്കുള്ള കോലാറ്ററൽ സെക്യൂരിറ്റി ബാങ്ക് ഗാരന്റിയായി നല്കേണ്ടതാണ്. വിശദമായ മാർഗ്ഗരേഖകളിൽ പ്രതിപാദിച്ചിട്ടുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായിരിക്കും ഓരോ അപേക്ഷകരും.

**ക്രമ നമ്പർ 1 മുതൽ 6 വരെയുള്ള സ്ഥലങ്ങളിലേക്കുള്ള അപേക്ഷകർ** എല്ലാ രേഖകളോടുമൊപ്പം താഴെപ്പറയുന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

**സീനിയർ റീജിയണൽ മാനേജർ**
**ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്,**
കൊച്ചിൻ റീട്ടെയ്ൽ റീജിയൺ, പി.ബി. നമ്പർ 1601,
ടാറ്റാപുരം, എറണാകുളം നോർത്ത് പി. ഒ, കൊച്ചി-682018,
ഫോൺ: 0484-2395151, 2398717




**ക്രമ നമ്പർ 7 മുതൽ 12 വരെയുള്ള സ്ഥലങ്ങളിലേക്കുള്ള അപേക്ഷകർ** എല്ലാ രേഖകളോടുമൊപ്പം താഴെപ്പറയുന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

**ചീഫ് റീജിയണൽ മാനേജർ**
**ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്,**
കോഴിക്കോട് റീട്ടെയ്ൽ റീജിയൺ, എലത്തൂർ,
എൻ.എച്ച്-17, കണ്ണൂർ റോഡ്, എലത്തൂർ റെയിൽവേ
സ്റ്റേഷനുസമീപം, കോഴിക്കോട്-673303.
ഫോൺ: 0495-2461688